MR. T. A. MOHIDEEN KUNJU: ബഹുമാനപ്പെട്ട പ്രസിഡന്റെങ്കിലും മലയാളത്തിൽ സംസാരിച്ചാൽ ഇംഗ്ലിഷും മലയാളവും തമിഴും അറിയാവുന്നവർക്ക് ഒരുപോലെ മനസിലാക്കാൻ സാധിക്കും എന്നു ഞാൻ അറിയിച്ചുകൊള്ളുന്നു.

MR. A. NESAMONY: R. O. C. No. 213/48/L. A. reads thus:

"In pursuance of Standing Order 15 of the Travancore Legislative Assembly Standing Orders, the President is pleased to make the following order regarding the manner in which questions shall be put and answers given."

As regards the manner in which questions have to be 'put,' the Standing Order attributes a particular meaning in Standing Order 16. It is on the floor of the House that a question is 'put.' This rule relates to the admission of the questions as starred and unstarred. Section 16 of the Interim Constitution Act 1123, provides for the making of Standing Orders:

"It shall be lawful for the Legislative Assembly to make from time to time standing orders for the conduct of business and the procedure to be followed in the Legislative Assembly in so far as these matters are not provided for by the rules made under this Act. The first Standing Orders shall be made by Our Government, but may be altered by the Legislative Assembly. Any Standing Order made as aforesaid which is repugnant to the provisions of any rules made under this Act, shall, to the extent of the repugnancy but not otherwise, be void."

So the Standing Order made by the President under Standing Order 15 is ultra vires and void and hence I submit, Sir, that the inclusion and the numbering of the questions in the orders of the day are irregular and are void and should not be taken up for consideration in this Assembly. I invite a ruling on this matter.

MR. PRESIDENT: I will give a considered ruling afterwards. Now we will proceed with the questions.

MR. K. S. JOSEPH (*Thiruvalla VI—General*): May I suggest that points of order may be taken up after question time?

QUESTIONS AND ANSWERS

MR. K. RAMAKRISHNA PILLAI (*Ambalapuzha I—General*): ചോദ്യോത്തരങ്ങൾക്കായി അനുവദിച്ചിട്ടുള്ളത് ഒരു മണിക്കൂറാണ്. ഇപ്പോൾ തന്നെ വളരെയധികം നഷ്ടപ്പെട്ടു. ആ സമയംകൂടി ഉൾപ്പെടുത്തി ഒരു മണിക്കൂറായി തരാമോ ഇല്ലയോ എന്നു വ്യക്തമായി ഞാൻ ആവശ്യപ്പെടുന്നു.

LIBRARY ARCHIVES Kerala Legislative Assembly

MR. P. T. CHACKO (*Kottayam III—General*) : ഇന്നേ ദിവസത്തേക്ക് നിയമസഭാചട്ടങ്ങൾ 70 അനുസരിച്ച് ചോദ്യങ്ങൾ അയക്കുമ്പോൾ ഏതു ദിവസം ആണ് ഉത്തരം കിട്ടുന്നത് എന്നറിയിക്കണമെന്നുണ്ട്. അതനുസരിച്ച് ഇന്നത്തെ ദിവസത്തിൽ ഉത്തരം കിട്ടുന്നതിനുവേണ്ടി ചില ചോദ്യങ്ങൾ അയച്ചിട്ടുണ്ട്. അങ്ങനെയുള്ളതിൽ ചിലത് ഇന്നത്തെ ലിസ്റ്റിൽ കാണുന്നുണ്ട്. എന്നാൽ ഇന്ന ഉത്തരം കിട്ടുന്നതിനല്ലാതെ അയച്ചിട്ടുള്ള മറ്റനേകം ചോദ്യങ്ങൾക്ക് മറുപടി കൊടുത്തിട്ടുള്ളതായി കാണുന്നു. അതുശരിയല്ല. അതുകൊണ്ട് ഇന്നത്തെ ദിവസത്തിൽ ഉത്തരം കിട്ടുന്നതിനുവേണ്ടി അയച്ചിട്ടുള്ള ചോദ്യങ്ങൾക്ക് മറുപടി കൊടുക്കുന്നതിനുവേണ്ടി അവ ആദ്യമേ എടുക്കുമോ എന്നുള്ളതിനെപ്പറ്റി ഒരു സൂചിപ്പിക്കുവാൻ ഞാൻ ആവശ്യപ്പെടുന്നു.

MR. PRESIDENT : ഇന്നത്തെ ചോദ്യങ്ങൾക്കുള്ള മറുപടി ആദ്യമായി ഇവിടെ കൊടുക്കാം.

MR. A. THANU PILLAI : അതിനെ സംബന്ധിച്ച് എനിക്ക് ചിലതു പറയാനുണ്ട്. റൂൾ അനുസരിച്ച് അഞ്ചു ചോദ്യങ്ങൾക്ക് നോട്ടീസു കൊടുത്തിട്ടുണ്ട്. അതു സംബന്ധിച്ച് എനിക്ക് ചോദിക്കുവാനുള്ളതു ചോദ്യങ്ങൾക്കു മറുപടി പറയുവാൻ മിനിസ്റ്റർമാർ മുതലപ്പെട്ടവരാണോ ? അങ്ങനെയാണെങ്കിൽ ദിവസം നിശ്ചയിക്കണം. ഇന്നത്തേക്കുള്ള ചോദ്യങ്ങൾതന്നെ ആദ്യം ഉത്തരം പറയേണ്ടതാണ്. അതിപ്രധാനമായ കാര്യങ്ങൾ അറിയാൻ വേണ്ടിയാണ് ഞാൻ ചോദ്യങ്ങൾ അയച്ചിട്ടുള്ളതു്. അവയെക്കുറിച്ച് ഒരറിവും പിന്നീടില്ല. അതു് ഈ ആഫീസിന്റെ തെറ്റാണോ ഗവർണ്മെൻറിന്റെ തെറ്റാണോ എന്ന് അറിഞ്ഞാൽ കൊള്ളാം.

MR. PRESIDENT : ആഫീസിലെ തെറ്റൊന്നുമല്ല. ഓരോ ദിവസത്തേക്കും അയക്കുന്ന ചോദ്യങ്ങൾക്കെല്ലാം മറുപടി പറയാൻ സാദ്ധ്യമല്ല. മിക്ക മെമ്പറന്മാരും ചോദ്യങ്ങൾ അയച്ചിരിക്കും. ദിവസം ഒരു മണിക്കൂർമാത്രമേ ചോദ്യോത്തരങ്ങൾക്കായി നീക്കിവച്ചിട്ടുള്ളൂ. ഇതു് കഴിഞ്ഞു സെഷനെ തുടർന്നുള്ള ഒരു സെഷനായതുകൊണ്ട് കഴിഞ്ഞ പ്രാവശ്യം മറുപടി പറയാത്ത അനേകം ചോദ്യങ്ങൾ ഉണ്ട്. 700 ചോദ്യങ്ങൾ ഇപ്പോഴത്തെ സിറ്റിംഗിൽ മറുപടി പറയേണ്ടതായിട്ടുണ്ട്. അതുകൊണ്ട് അയയ്ക്കുന്നതായ ചോദ്യങ്ങൾക്കെല്ലാം മറുപടി പറയാൻ സാധിക്കുന്നതല്ല. അതിനാൽ റൂൾ അനുസരിച്ച് നിവൃത്തിയുള്ളിടത്തോളം ചോദ്യ

LIBRARY ARCHIVES Kerala Legislative Assembly

ങ്ങൾക്ക് മറുപടി പറയും. ഇവിടത്തെ ആഫീസിൽനിന്നും ചെയ്യാവുന്നതു് ഒന്നുമാത്രമേയുള്ളൂ. വന്നിട്ടുള്ള ചോദ്യങ്ങൾ ആർഡർ അനുസരിച്ചു വയ്ക്കുക, ഒരു മണിക്കൂറിൽ തീരുന്നതുവരെ മറുപടി നൽകും. ബാക്കിയുള്ളതു മേശപ്പുറത്തു വയ്ക്കും.

MR. A. THANU PILLAI : ഒരു സംഗതി അറിയാനുണ്ടു്. ചോദ്യങ്ങളുടെ എണ്ണം ധാരാളം ഉണ്ടു്. മറുപടി പറയാൻ ഒരു മണിക്കൂറേ ഉള്ളൂ. അതിനിടയ്ക്കു സപ്ളിമെൻററി ചോദ്യങ്ങൾ ധാരാളം ചോദിക്കും. അപ്പോൾ ഉത്തരം തരാമല്ലോ. അതു് ചെയ്യണമെന്നാണു് ഞാൻ പറയുന്നതു്.

MR. PRESIDENT : എത്രയും കൂടുതൽ സപ്ളിമെൻററി ചോദ്യങ്ങൾ അനുവദിക്കുവാൻ ഉത്സാഹിക്കുന്നതാണു്. മറ്റു ചോദ്യങ്ങൾ ഇപ്പോഴത്തെ രൂപം അനുസരിച്ചു് മറുപടി കൊടുക്കുന്നതാണു്.

MR. A. THANU PILLAI : സപ്ളിമെൻററി ചോദ്യങ്ങളെപ്പറ്റിയല്ലാ ഞാൻ ചോദിക്കുന്നതു്. ചോദ്യങ്ങൾക്കു് ഉത്തരം തരുമോ എന്നാണു്.

MR. PRESIDENT : ഉള്ള ചോദ്യങ്ങൾക്കു് ഉത്തരം എഴുതിവയ്ക്കണമെന്നാണോ പറയുന്നതു്.

MR. A. THANU PILLAI : അതാണല്ലോ രൂപം.

MR. PRESIDENT : സപ്ളിമെൻററി ചോദ്യങ്ങൾ കഴിഞ്ഞു സമയമില്ലെങ്കിൽ ബാക്കിയുള്ള ചോദ്യങ്ങളുടെ ഉത്തരം മേശപ്പുറത്തു വയ്ക്കുന്നതാണു്.

MR. K. SIVARAMA PILLAI (*Thovala—General*) : The first question is 96.

MR. PRESIDENT : I have already ruled that questions for which answers are sought for today should be given precedence. Mr. Ramakrishna Pillai's question please.

പെൻഷൻ തുക.

*182. MR. K. RAMAKRISHNA PILLAI : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി പറയുമോ ?

(എ) ൧൯൫൫, ൧൯൫൬ എന്നീ വർഷങ്ങളിൽ പെൻഷനായി കൊടുത്തിട്ടുള്ള തുക എത്ര?

LIBRARY ARCHIVES Kerala Legislative Assembly